ചുടുകയും ജീവനക്കാരെ മുഴുവൻ മർദ്ദിച്ച് ആശുപത്രിയിലാക്കുകയും ചെയ്തു. ഇതിന്റെ പിന്നിൽ സി.പി.ഐ.(എം.)-കാരാണെന്നു വളരെ വ്യക്തമായി തെളിഞ്ഞിരിക്കുകയാണ്. കാരണം സി.പി.ഐ.(എം.)-ലെ ഗ്രൂപ്പ് വഴക്കിനെക്കുറിച്ച് ക്രൈം വാരികയിൽ ഒരു ലേഖനം വന്നതിന്റെ അടിസ്ഥാനത്തിലാണ് സി.പി.ഐ.(എം.) പ്രവർത്തകർ ഈ സായാഹ്ന പത്രത്തിന്റെയും വാരികയുടെയും ഓഫീസ് തല്ലിത്തകർത്തത്. അതുകൊണ്ട് കുറ്റക്കാരെ അറസ്റ്റ് ചെയ്യാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്നു വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കോഴിക്കോട് കസബ ചിന്താവളപ്പ് ആര്യസമാജം ആഫീസിന് എതിർവശത്ത് പ്രവർത്തിക്കുന്ന ക്രൈം ന്യൂസ്, മനോലോകം, ശരീരശാസ്ത്രം തുടങ്ങിയവയുടെ ആഫീസിൽ 2-2-2005-ന് ഏതാനും പേർ കടന്നുകയറി അതിക്രമം കാണിച്ചു. അക്രമികൾ അവിടെയുണ്ടായിരുന്ന മാനേജരെ പിടിച്ചു പുറത്താക്കുകയും ഓഫീസ് ഫയലുകളും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും പെട്രോൾ ഒഴിച്ച് തീയിടുകയും ചെയ്തു. തുടർന്ന് അക്രമികൾ പുതിയറയിൽ പ്രവർത്തിക്കുന്ന ശരീരശാസ്ത്രം വാരികയുടെ ആഫീസിൽ കടന്നുകയറി എഡിറ്റർ ഹാസിമിനെ അടിച്ചു പരിക്കേൽപ്പിക്കുകയും ഫാക്സ് മെഷീൻ റോഡിലേക്ക് വലിച്ചെറിയുകയും ആഫീസ് കെട്ടിടത്തിന്റെ ജനാലച്ചില്ലുകൾ അടിച്ചു തകർക്കുകയും ചെയ്തു. ഫയർഫോഴ്സ് സ്ഥലത്തെത്തി തീയണയ്ക്കുകയുണ്ടായി. കസബ പോലീസ് സ്റ്റേഷൻ, ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 323, 450, 436, 149 എന്നീ വകുപ്പുകൾ പ്രകാരം കണ്ടാൽ അറിയാവുന്ന 15 പേർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇത് വളരെയേറെ സംഘടിതമായ ഒരു ആക്രമണമാണ്. ഒരു സംഘർഷത്തിനുള്ള സാഹചര്യവും ഇല്ലാത്ത അവസരത്തിൽ കരുതിക്കൂട്ടി നാശനഷ്ടം വരുത്തിയതാണ്. അതിനെതിരെ കർശനമായിട്ടുള്ള നടപടി സ്വീകരിക്കും. പ്രതികളെ ഏതാണ്ട് തിരിച്ചറിഞ്ഞിട്ടുണ്ട്. അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കും.

V. സ്പീക്കറുടെ പ്രസ്താവന

വാർത്തകൾ പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ: എനിക്ക് ഒരു കാര്യം പറയാനുള്ളത് 'കേരളത്തിലെ എം.എൽ.എ.-മാർക്ക് പ്രധാനമന്ത്രിയെക്കാൾ ശമ്പളം' എന്ന ഒരു വാർത്ത ചില പത്രങ്ങളിൽ വന്നു. ആദ്യം വന്നത് ഡൽഹിയിലെ ഒരു ഇംഗ്ലീഷ് പത്രത്തിലാണ്. ഉടനെ മുഖ്യമന്ത്രി ഇത് എന്റെ ശ്രദ്ധയിൽപ്പെടുത്തി. അതേപ്പറ്റി പരിശോധിച്ച് വിശദമായ ഒരു നിഷേധക്കുറുപ്പ് കൊടുത്തു. ശ്രീ. ടി. എൻ. പ്രതാപൻ,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ തുടങ്ങി പല മെമ്പർമാരും ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പക്ഷേ ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ ചില പ്രാദേശിക പത്രങ്ങളും അത് ഏറ്റു പ്രസിദ്ധീകരിക്കുകയുണ്ടായി. അത് വളരെ ദൗർഭാഗ്യകരമാണ്. കാരണം ഇംഗ്ലീഷ് പത്രത്തിന് കാര്യമറിയാതെ ആരെങ്കിലും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എഴുതി എന്നു പറയാം. പക്ഷേ പ്രാദേശിക പത്രങ്ങൾ ഇത്തരം വാർത്ത പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ നിജസ്ഥിതിയെപ്പറ്റി വ്യക്തമായി അന്വേഷിക്കേണ്ട ബാധ്യത പത്രപ്രതിനിധികൾക്കുണ്ടായിരുന്നു. യഥാർത്ഥത്തിൽ കേരളത്തിലെ നിയമസഭാ സാമാജികന് ഫിക്സഡ് അലവൻസ്, സ്ഥിര യാത്രാബത്ത, ടെലിഫോൺ ബത്ത, നിയോജകമണ്ഡലം ബത്ത എന്നീ ഇനങ്ങളിലായി പ്രതിമാസം 15,300 രൂപ മാത്രമാണ് ഇപ്പോൾ നൽകുന്നത്. വടക്കൻ ജില്ലകളിൽ നിന്നുള്ള എം.എൽ.എ.-മാർക്ക് യാത്രാബത്ത ഇനത്തിൽ നേരിയ വ്യത്യാസം വരും. പ്രതിമാസം 61,800 രൂപ ലഭിക്കുന്നു എന്ന വാർത്ത കൊടുത്തത് തികച്ചും വാസ്തവ വിരുദ്ധവും തെറ്റിദ്ധാരണാജനകവും അതിശയോക്തി പരവുമാണ്. ഇത്തരം വാർത്തകൾ, പ്രത്യേകിച്ച് പ്രാദേശിക പത്രങ്ങളെപ്പറ്റിയെ എനിക്ക് പറയാനൊക്കൂ. കൊടുക്കുന്നതിനുമുമ്പ് ഉത്തരവാദിത്വത്തോടെ ലെജിസ്ലേച്ചറുമായി ബന്ധപ്പെട്ട് നിജസ്ഥിതി അറിയേണ്ടതായിരുന്നു. അതുകൊണ്ട് ആ തെറ്റിദ്ധാരണ നീക്കാൻ എല്ലാ പത്ര സുഹൃത്തുക്കളും സഹായിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

പ്രത്യേക പരാമർശം (തുടർച്ച)

(2) ഓൺ ലൈൻ ലോട്ടറി സംബന്ധിച്ച് സുപ്രീം കോടതിയിൽ നൽകിയ പരാതി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സുപ്രീം കോടതിയിൽ കൊടുത്ത പെറ്റീഷനെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ നടത്തിയ പ്രസ്താവന തെറ്റിദ്ധാരണ ഉണ്ടാക്കുക മാത്രമല്ല എന്നെ താറടിക്കുക എന്ന ഉദ്ദേശ്യശത്തോടുകൂടിയുള്ളതുമാണ്. ഓൺ ലൈൻ ലോട്ടറിക്ക് എതിരായി ഹൈക്കോടതി വിധിയെ ചോദ്യം ചെയ്തുകൊണ്ട് കേരള ഗവൺമെന്റ് കൊടുത്ത കേസിൽ കേരള ഹൈക്കോടതി നമുക്ക് അനുകൂലമായി പ്രസ്താവിച്ചിരുന്ന വിധിയെ ചോദ്യം ചെയ്തുകൊണ്ട് ഓൺ ലൈൻ ലോട്ടറിക്കാർ കേരള ഹൈക്കോടതിയിൽ കൊടുത്ത പെറ്റീഷനിൽ യാതൊരു തീരുമാനവും എടുക്കാതിരുന്നതുകൊണ്ടാണ് വീണ്ടും അവർ പരാതി കൊടുത്തത്. ആ സാഹചര്യത്തിൽ, കേരള ഗവൺമെന്റ് സുപ്രീംകോടതിയെ സത്യാവസ്ഥ ബോധിപ്പിക്കേണ്ടതായിരുന്നു. കേരള ഹൈക്കോടതിയിൽ ഇവരുടെ പെറ്റീഷൻ കൈകാര്യം ചെയ്യാനിരിക്കവെയാണ് ഇവർ സുപ്രീം കോടതിയിൽ കേസുമായി വന്നിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് സുപ്രീംകോടതിയെ സത്യാവസ്ഥ ബോധിപ്പിക്കുന്നതിന് നാല് മാസമായിട്ടും ഒന്നും ചെയ്തില്ല. ഓൺലൈൻ ലോട്ടറിക്കാരെ ഫലത്തിൽ സഹായിക്കാനുള്ള നിലപാടാണ് സ്വീകരിച്ചത്. ഈ

LIBRARY ARCHIVES Kerala Legislative Assembly